## ഡയനോസിയസ്

ഗ്രീക്ക് പുരാണത്തിൽ വീഞ്ഞിന്റെയും ലഹരിയുടെയും ദൈവമായി കൊണ്ടാടപ്പെടുന്ന ഡയനോസിയസ് ദേവന്റെയും ജനനം ഡിസംബർ 25 –നോട് അടുത്ത സമയത്താണ്. കൃഷി, ധാന്യങ്ങൾ, വിത്തുകൾ, വൃക്ഷല താദികൾ എന്നിവയുടെയും ദൈവമാണ് ഡയനോസിയസ്. വീഞ്ഞ് വാറ്റി എടുക്കുന്ന വിദ്യ മനുഷ്യരെ പഠിപ്പിച്ചത് ഡയനോസിയസ് ദേവനാണ്. സാധാരണജീവിതത്തിലെ ദുഃഖങ്ങളും ദുരിതങ്ങളും മറക്കുവാൻ വീഞ്ഞ് സഹായിക്കുമെന്നതിനാൽ വീഞ്ഞിന്റെ ദേവൻ ഏറെ പ്രിയങ്കരനായി ത്തീർന്നു. വീഞ്ഞിൽനിന്നും ലഭിക്കുന്ന ഉണർവും ഊർജ്ജവും ഉന്മാദവും സാധാരണ ജീവിതദുഃഖങ്ങളിൽനിന്നും മോചനം നൽകുന്നതിനാൽ 'വിടു തലിന്റെ ദൈവം', 'മോചനത്തിന്റെ ദൈവം', 'രക്ഷകൻ' എന്നിങ്ങനെ യൊക്കെ വിശേഷിപ്പിച്ചിരിക്കുന്നു ഡയനോസിയസിനെ.

ഗ്രീക്ക് പുരാണത്തിലെ പ്രധാനദൈവമായ സീയുസിന് സെമിലി എന്ന മനുഷ്യസ്ത്രീയിൽ ജനിച്ച ദൈവമാണ് ഡയനോസിയസ്. ഒളിമ്പസ് പർവ്വ തത്തിൽ വസിക്കുന്ന ദേവഗണത്തിൽപെട്ട പെർസിഫേൺ എന്ന ദേവത യാണ് ഡയനോസിയസിന്റെ അമ്മ എന്നാണ് മറ്റൊരു പുരാണത്തിൽ പറയുന്നത്.

അഡോനിസ്, ഊസിറിസ് എന്നീ ദേവന്മാരുടെ ആരാധനാരീതി തന്നെ യാണ് ഡയനോസിയസ് ആരാധകരും പുലർത്തിയിരുന്നത്. ഭൂമിയുടെ ഉള്ളി ലേക്കു പോകുന്ന വളരെ നീണ്ടഗുഹകളിൽ നടത്തിയിരുന്ന ആരാധന തികച്ചും രഹസ്യാത്മകവുമായിരുന്നു. ഏറെ പ്രചാരം നേടിയിരുന്ന രഹസ്യാ രാധകരിൽനിന്നുമാണ് - ജ്ഞാനവാദികൾ (Gnostics) ഉത്ഭവിച്ചത്.

ആരാധകരുടെ ഇടയിൽ ബാക്കസ് എന്നാണ് ഡയനോസിയസ് അറി യപ്പെട്ടിരുന്നത്. പുരാണങ്ങളിലെ മറ്റു ദൈവങ്ങളെപ്പോലെ മരിച്ചവരിൽനിന്നും പുനർജീവിക്കുന്ന ബാക്കസിന് ജന്മം നൽകിയ മനുഷ്യസ്ത്രീ ബാക്ക സിന്റെ ജനനശേഷവും നിത്യകന്യക ആയിരുന്നു. സെമിലി എന്ന മനു ഷ്യസ്ത്രീ മരിച്ചതിനുശേഷം പാതാളത്തിൽ എത്തുന്നു. ബാക്കസ് ദൈവം പാതാളത്തിൽ എത്തി മാതാവിനെ വിമുക്തമാക്കി ആകാശത്തിലെ നക്ഷ ത്രങ്ങളുടെ ഇടയിൽ പ്രതിഷ്ഠിക്കുന്നു. 'ആകാശത്തിന്റെ രാജ്ഞി', 'സ്വർഗ്ഗീയരാജ്ഞി' എന്നിങ്ങനെയൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സെമിലിയെ ഒളിമ്പസ് ദേവഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. നക്ഷ ത്രങ്ങൾ പതിച്ച നീലാബരം അണിഞ്ഞ് തലയിൽ കിരീടവും ധരിച്ചാണ് ബാക്കസിന്റെ മാതാവ് സെമിലി കാണപ്പെടുന്നത്. വീഞ്ഞു വാഴ്ത്തിയ യേശുവിന്റെ മാതാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടെന്നും സ്വർഗ്ഗീയരാജ്ഞി യായി, നീലാംബരം ധരിച്ചവളായി കാണപ്പെട്ടെന്നുമുള്ള സങ്കൽപ്പ

ങ്ങളൊക്കെ ബാക്കസ് ആരാധകരുടെ സംഭാവനയാണ്.

പുരുഷസൗന്ദര്യത്തിന്റെ പൂർത്തീകരണമായിരുന്ന ഡയനോസിയസിന്റെ ആരാധകരിൽ കൂടുതലും സ്ത്രീകൾ ആയിരുന്നു. വീഞ്ഞിന്റെ ദേവന്റെ മനോഹരരരൂപം ധ്യാനിച്ച്, ദൈവം മനുഷ്യനു നൽകിയ വീഞ്ഞ് മതിയാവോളം കുടിച്ച് ആനന്ദമൂർഛ നേടുക എന്നതായിരുന്നു ഡയനോസിയസ് ആരാധനയിലെ പ്രധാനകർമ്മങ്ങളിലൊന്ന്. ഡയനോസിയസിന്റെ സുന്ദരരൂപത്തെ പ്രതിനിധീകരിക്കുന്ന അപ്പവും വീഞ്ഞും ഭക്ഷിച്ചു മത്തരായി സുഖഭോഗങ്ങളിൽ മുഴുകി സ്വർഗ്ഗീയാനുഭൂതി നേടിയിരുന്നു ആരാധകർ. ഇരുൾ നിറഞ്ഞ ഗുഹകളിലെ ദിപം കെടുത്തി അന്തമില്ലാത്ത രതി ക്രീഢകളിലേർപ്പെടുന്നതും ആരാധനയുടെ ഭാഗമായിരുന്നു. ഇരുൾ നിറഞ്ഞ ഗുഹകളിൽ പൂർണ്ണനഗ്നരായി സ്ത്രീ-പുരുഷഭേദമില്ലാതെ നടത്തിയിരുന്ന സംഭോഗത്തെ സ്വർഗ്ഗീയവിരുന്ന് എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഇതിനെയാണ് പൗലോസിന്റെ ലേഖനത്തിൽ മദ്യപാനവും വെറിക്കൂത്തും എന്നു വിവക്ഷിച്ചിരിക്കുന്നത്. ഡയനോസിയസിന്റെ ആരാധകർ ക്രിസ്ത്യാനികളായി മാറിയപ്പോഴും ആരാധനാരീതിക്ക് കാര്യമായ മാറ്റമൊന്നും വന്നില്ല. എന്നാൽ മദ്യപാനവും സംഭോഗവും ക്രമേണ (പ്രത്യക്ഷത്തിൽ) അപ്രത്യക്ഷമായി. എങ്കിലും അപ്പവും വീഞ്ഞും ഭക്ഷിക്കുന്ന ആരാധന, സ്നേഹവിരുന്ന് (agape) എന്ന പേരിൽ തുടർന്നുപോന്നു.

പത്രോസ്, പൗലോസ്, യേശുവിന്റെ സഹോദരൻ യാക്കോബ് എന്നിവർക്ക് പുറജാതികൾ കൊണ്ടുവന്ന വീഞ്ഞുകുടിയോടു താൽപര്യം ഉണ്ടായിരുന്നില്ല. ക്രമേണ, ആദിമ ക്രിസ്തീയസഭയിൽ യഹൂദക്രിസ്ത്യാനികളേക്കാൾ സംഖ്യാബലം പുറജാതിക്രിസ്ത്യാനികൾക്ക് കൈവന്നതോടെ സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വന്നു.

യേശുവിനെ നസ്രായൻ എന്നു വിളിക്കുന്നത് നസ്രേത്തിൽ താമസിച്ചതുകൊണ്ടല്ല, സുവിശേഷകർക്കു പറ്റിയ അബദ്ധങ്ങളിൽ ഒന്നാണിത്. ആ കാലത്ത് ഏറെ പ്രചാരമുണ്ടായിരുന്ന നസ്രായവ്രതം സ്വീകരിച്ചവനായിരുന്നു യേശു എന്നനുമാനിക്കുന്നതിൽ തെറ്റില്ല. മദ്യം, മാംസം, മഹിള എന്നിവ ഉപേക്ഷിച്ച് ലളിതജീവിതം നയിച്ചവരായിരുന്നു നസ്രായവ്രതക്കാർ. നസ്രായവ്രതക്കാരനായ യേശു, ഡയനോസിയസ് ദൈവം വീഞ്ഞുണ്ടാക്കി മനുഷ്യർക്കു കൊടുത്തതുപോലെ, കാനാവിലെ കല്യാണത്തിന് വീഞ്ഞ് വാറ്റുകയില്ല. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന കാനാവിലെ കല്യാണം ഡയനോസിയസ് ആരാധകരെ പ്രീതിപ്പെടുത്തുവാൻ എഴുതി ഉണ്ടാക്കിയതാണ്. പത്രോസ്, പൗലോസ്, യാക്കോബ് എന്നിവർ മർക്കടമുഷ്ടിയോടെ നയിച്ച ആദിമസഭയിൽനിന്നും പുറജാതിക്രിസ്ത്യാനികൾ അവരുടെ പുറജാതി ആചാരങ്ങളിലേക്കു തിരികെപ്പോകുവാൻ തുടങ്ങിയപ്പോൾ അവരെ ക്രിസ്തുമതത്തിൽ പിടിച്ചു നിർത്തുന്നതിന്റെ ഭാഗ

മായി, നയതന്ത്രപരമായി, പല വിശ്വാസങ്ങളും ബലികഴിക്കേണ്ടിവന്നു. അങ്ങനെ ഡയനോസിയസിന്റെ ആരാധനയുടെ ഭാഗമായ അപ്പവും വീഞ്ഞും ഭക്ഷിക്കൽ ക്രിസ്തുമതത്തിലും കയറിപ്പറ്റി. ക്രമേണ അപ്പവും വീഞ്ഞും യേശുവിന്റെ ശരീര-രക്തങ്ങളാക്കി മാറ്റുകയും ചെയ്തു.

ഡയനോസിയസിന്റെ ആരാധനയെ അംഗീകരിച്ചത് ക്രിസ്തുമതത്തിന് നിർണ്ണായകമായ നേട്ടങ്ങൾ പ്രദാനം ചെയ്യുകയുണ്ടായി. വീഞ്ഞിന്റെ ലഹരിയുടെ പ്രതിപത്തിയിൽ അനുയായികളെ പിടിച്ചുനിർത്തുവാനും അവരുടെ എണ്ണം വർദ്ധിപ്പിക്കുവാനും സാധിച്ചു. കൂടാതെ, ദുർഗ്രഹമായ വേദശാസ്ത്രത്തിനുപകരം മെഡിറ്ററേനിയൻ പ്രദേശത്തെ പ്രിയപ്പെട്ട പാനീയമായ വീഞ്ഞിലൂടെ പൊതുജനത്തെ ആകർഷിക്കുവാൻ എളുപ്പവുമായിരുന്നു. മനുഷ്യന്റെ പ്രാഥമികവികാരങ്ങളിൽ ഒന്നാണ് ഭക്ഷണത്തോടുള്ള പ്രതിപത്തി. ഭക്ഷണവിതരണത്തിലൂടെ വിശ്വാസം പ്രചരിപ്പിക്കുവാൻ എളുപ്പമാണെന്ന വസ്തുത ഇന്നും പ്രായോഗികമാക്കുന്നവരുണ്ടല്ലോ നമുക്കു ചുറ്റും.

പഴയ നിയമത്തിലെ യഹോവയുടെ അവതാരമാണ് യേശു എന്നു സാക്ഷിക്കുന്ന സുവിശേഷകർക്ക് ഡയനോസിയസിന്റെ ആചാരങ്ങൾ അനല്പമായ രീതിയിൽ തന്നെ പ്രയോജനപ്പെടുകയുണ്ടായി. യഹോവ വെള്ളത്തെ രക്തമാക്കി, യേശു വെള്ളത്തെ രക്തനിറമുള്ള വീഞ്ഞാക്കി. യഹോവ വെള്ളത്തെ രക്തമാക്കിയതു മൂലം മിസ്രയീമിന്റെ നാശവും ഇസ്രയേലിന്റെ മോചനവും ഉണ്ടായി. യേശു കാനാവിൽ വാറ്റിയ വീഞ്ഞ് ആനന്ദത്തിലേക്കു നയിച്ചു. മാത്രമല്ല, യേശു സ്വന്തരക്തത്തിലൂടെ പഴയ പാപത്തിൽനിന്നും മോചനവും പുതിയ യിസ്രയേലിന് നിത്യാനന്ദവും ലഭ്യമാക്കി. സുവിശേഷങ്ങളിൽ പല തവണ വീഞ്ഞും മുന്തിരിവള്ളിയും പരാമർശിക്കപ്പെട്ടിരിക്കുന്നു. വീഞ്ഞിന്റെ ലഹരിയുടെ പ്രാധാന്യം മനസ്സിലാക്കിയിട്ടാണ് യേശു വീണ്ടും പെസഹാഭക്ഷണത്തിൽ വീഞ്ഞ് വാഴ്ത്തുന്നത്. മാത്രമല്ല ലഹരിയിൽനിന്നും വിമുക്തനായ ആളേപ്പോലെയാണ് യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽക്കുന്നതും. ഡയനോസിയസിന്റെ വീഞ്ഞും ആരാധനയും ക്രിസ്തുമതത്തിന്റെ മുഖമുദ്ര മാറ്റി. ആദിമ യഹൂദക്രിസ്ത്യാനികളുടെയും സുവിശേഷകരുടെയും ഭാവനകളെ മാറ്റി മറിച്ച് പുറജാതികളുടെ ക്രിസ്തുമതം ശക്തിപ്രാപിച്ചു. നിഖ്യാസുന്നഹദോസോടുകൂടി പുറജാതിപുരാണം ക്രിസ്ത്യാനികളുടെ വിശ്വാസപ്രമാണമായി മാറുകയും ചെയ്തു.

ഡയനോസിയസിന്റെ (ബാക്കസ്) ആരാധനയ്ക്ക് പ്രചാരം ലഭിക്കുന്നതിന് ഭോഗത്തിനും വീഞ്ഞുകുടിക്കും പുറമെ മറ്റു കാരണങ്ങളുമുണ്ടായിരുന്നു. മനുഷ്യരിൽനിന്നും ഏറെ അകന്ന് ആഡംബരത്തിലും സുഖത്തിലും മുഴുകിക്കഴിയുന്നവരായിരുന്നു ഒളിമ്പസിലെ ദൈവങ്ങൾ പൊതുവെ. മനുഷ്യന്റെ ദുഃഖവും കഷ്ടപ്പാടും ഒളിമ്പസ് ദൈവങ്ങൾ ശ്രദ്ധിച്ചിരുന്നില്ല. ഇടയ്ക്കിടെ ചില ദൈവങ്ങൾ മനുഷ്യരുടെ ഇടയിൽ വന്നിരുന്നത് മനുഷ്യരു

മായി സംഭോഗത്തിൽ ഏർപ്പെടുവാൻ മാത്രമായിരുന്നു. മനുഷ്യൻ ദൈവങ്ങളെ ചോദ്യം ചെയ്യുകയോ അവരുടെ സഹായം ആവശ്യപ്പെടുകയോ ചെയ്യുമ്പോൾ ഇടിയും മിന്നലും അയച്ച് അവരെ ഭീക്ഷണിപ്പെടുത്തുകയും ചെയ്തിരുന്നു.

എന്നാൽ ഡയനോസിയസ് ദേവൻ മനുഷ്യരോട് കരുണയുള്ളവനായിരുന്നു. കൃഷി, ധാന്യങ്ങൾ, വിത്തുകൾ, വിളവുകൾ, ആടുമാടുകൾ എന്നിവയുടെ കൈകാര്യകർതൃത്ത്വം ദേവൻ ഏറ്റെടുത്തു. കൂടാതെ, തങ്ങളുടെ ദുഃഖങ്ങളും കഷ്ടപ്പാടുകളും മറക്കാനും ദൈവങ്ങളുടെ സുഖം അനുഭവിക്കാനും മനുഷ്യർക്ക് അവസരം നൽകുന്നതിന് വീഞ്ഞുണ്ടാക്കുന്ന വിദ്യയും ദേവൻ മനുഷ്യരെ പഠിപ്പിച്ചു.

ദേവനുമായി താദാത്മ്യം പ്രാപിക്കാൻ, ദേവന്റെ ശരീരവും രക്തവും പ്രതിനിധീകരിച്ച് അപ്പവും വീഞ്ഞും ഭക്ഷിച്ച് മനുഷ്യർ ദുഃഖത്തിനു പകരം ആനന്ദം അനുഭവിക്കുന്നവരായി മാറി. ദൈവവും മനുഷ്യനും ഒന്നായി മാറി. ദൈവത്തെ ഭക്ഷിച്ച് ദൈവത്തിന്റെ ശക്തി മനുഷ്യൻ നേടി. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി മനുഷ്യരുടെ ഇടയിലേക്കു വന്ന ദേവൻ പ്രിയദേവനായി മാറി.

ഡയനോസിയസ് എന്ന ബാക്കസിന്റെ പെരുന്നാൾ വളരെ ആഘോഷമായി കൊണ്ടാടാൻ തുടങ്ങി. പെരുന്നാളിന്റെ തലേരാത്രിയിൽ ബാക്കസിന്റെ ക്ഷേത്രത്തിലെ കൽതൊട്ടികളിൽ വീഞ്ഞ് താനേ നിറയുന്നു എന്നാണ് ഐതിഹ്യം. ബാക്കസിന്റെ പേരിൽ പല നാടകങ്ങളും പൊതുജനങ്ങളുടെ ആനന്ദത്തിനുവേണ്ടി അരങ്ങേറിയിരുന്നു. തലയിൽ ഇലകൾ കൊണ്ടുള്ള കിരീടം ധരിപ്പിച്ച സുന്ദരമായ നഗ്നശരീരം മരത്തിൽ ചാരി വെച്ചാണ് ബാക്കസിനെ ചിത്രീകരിച്ചിരുന്നത്.

മരത്തിൽ തൂങ്ങിയ യേശു, ഇലക്കിരീടത്തിനു പകരം മുൾക്കിരീടം, നക്ഷത്രങ്ങൾ പതിച്ച നീല അങ്കി ധരിച്ച സ്വർഗ്ഗീയരാജ്ഞി, അപ്പവും വീഞ്ഞും ദേവന്റെ ശരീരമായി ഭക്ഷിക്കൽ എന്നിങ്ങനെ മർമ്മപ്രധാനങ്ങളായ അനവധി സങ്കൽപ്പങ്ങളും ആചാരങ്ങളും ഡയനോസിയസ് ആരാധകർ ക്രിസ്തുമതത്തിന് സംഭാവന ചെയ്യുകയുണ്ടായി.

മദ്യത്തിന്റെ ദൈവം യഹോവയെ അട്ടിമറിച്ചു. സുവിശേഷകരുടെയും പുതിയ നിയമരചയിതാക്കളുടെയും ആദിമ യഹൂദക്രിസ്ത്യാനികളുടെയും ശക്തിമാനായിരുന്ന ദൈവം അപ്രത്യക്ഷമായി. ദൈവത്തിന്റെ അവതാരമായ റോമൻ ചക്രവർത്തിയെക്കൊണ്ട് നിഖ്യാ സുന്നഹദോസ് സംഘടിപ്പിച്ചു. അത്താനാസിയോസും അറിയുസും തമ്മിൽ തർക്കമായി. അവസാനം പുറജാതിപുരാണത്തിലെ ഡയനോസിയസ് യേശു എന്ന പുതിയ പേരിൽ അവതരിച്ചു.

ബാക്കസ് ദേവന്റെ പുരാണകഥ നാടകമായി അവതരിക്കപ്പെട്ടിരുന്നു. ദേവന്റെ പെരുന്നാളിന്റെയും നാടകങ്ങളുടെയും ഭാഗമായി ഇലക്കിരീടം ധരിച്ച ദേവനെ പട്ടണവാതിൽക്കലേക്ക് ആർപ്പുവിളികളോടെ എഴുന്നെള്ളിക്കുന്നു. വൃക്ഷക്കൊമ്പുകൾ മുറിച്ച് പ്രദക്ഷിണവഴിയിൽ വിതറുകയും ചെറുശിഖരങ്ങൾ കൈയ്യിലേന്തി ദേവന്റെ സ്തുതികൾ ഉച്ചത്തിൽ ആലപിക്കുകയും ചെയ്യുന്നു. ബാക്കസ് ദേവന്റെ പ്രദക്ഷിണം സുവിശേഷകർ കടം കൊള്ളുന്നു. യേശുവിനെ കഴുതപ്പുറത്തു കയറ്റി. യേശുവിനെ ഹോശന്നയാക്കി മാറ്റി. (യോശുവ = യേശു; ഹോശന്ന = യേശു അഥവാ യോശുവ എന്ന് ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്നു). ഹോശന്ന എന്ന ഗ്രീക്ക് പദം അരാമയിക് ഭാഷ സംസാരിക്കുന്നവർ ഉപയോഗിക്കുകയില്ല. ഹോശന്ന സംഭവം സത്യമല്ല. ബാക്കസ് ദേവന്റെ പ്രദക്ഷിണം സുവിശേഷകർ യേശുമയമാക്കിയതാണ്.

മരിച്ചു പുനർജീവിക്കുന്ന പല ഇതിഹാസദൈവങ്ങളിൽ ഒന്നാണ് ഊസറിസ്. അഡോനിസിന്റെയും ഊസിറിസിന്റെയും ആരാധനയും വിശ്വാസവും തമ്മിൽ പല സാമ്യങ്ങളുമുണ്ട്. പല പ്രദേശങ്ങളിലും ഡയോനിയസ് ഈ ദൈവങ്ങളുമായി ചേർന്ന് ഏതെങ്കിലും ഒരു പേര് സീകരിക്കുന്നതു കാണാം. ഈ മൂന്നു പുരാണദൈവങ്ങളും മരത്തിൽ തൂക്കപ്പെട്ടവരാണ്, കഷ്ടപാടുകൾ ഏറ്റ് മരിക്കുന്നവരാണ്, കുറെക്കാലം പാതാളത്തിൽ വസിക്കുന്നവരാണ്, മരിച്ചവരിൽനിന്നും ഉയർക്കുന്നവരുമാണ്.

## അപ്പോല്ലോനിയസ്

റ്റൈയിനയിലെ അപ്പോല്ലോനിയസ് എന്നും നസ്രയനായ അപ്പോല്ലോനിയസ് എന്നും പൊതുവെ അറിയപ്പെടുന്ന അപ്പോല്ലോനിയസിന്റെ പിതാവ് അപ്പോളോ ദേവൻ ആണെന്ന വിശ്വാസത്തിലാണ് അദ്ദേഹത്തിന് ഈ പേര് ലഭിച്ചത്. BCE 4-ൽ റ്റൈയിന എന്ന സ്ഥലത്ത് ഒരു ധനാഢ്യകുടുംബത്തിലാണ് അപ്പോല്ലോനിയസ് ജനിച്ചത്. ഇദ്ദേഹത്തിന്റെ ജനനസമയത്ത് പല അത്ഭുതങ്ങളും നടന്നതായി വിശ്വസിക്കപ്പെടുന്നു.

അതിസുന്ദരനും ബുദ്ധിമാനുമായിരുന്ന അപ്പോല്ലോനിയസ് പന്ത്രണ്ടാം വയസ്സിൽ തന്നെ തത്ത്വചിന്തയിൽ നിപുണത നേടി. കൂടാതെ പൈതഗോറസ് വിഭാഗത്തിന്റെ നസ്രായ ജീവിതരീതിയും സ്വീകരിച്ചു. ഭൗതികസുഖങ്ങൾ വെടിഞ്ഞ്, ലളിതമായ വെള്ളവസ്ത്രം ധരിച്ച്, മദ്യം, മാംസം, മഹിള എന്നിവ വർജ്ജിച്ച് പ്രാർത്ഥനയിലും ഉപവാസത്തിലും മുഴുകി സന്യാസജീവിതരീതി നയിക്കുന്നവരായിരുന്നു പൈതഗോറസ് വിഭാഗക്കർ.

വളരെ ചെറുപ്പത്തിൽ തന്നെ തത്ത്വചിന്തകൻ എന്നു പ്രശസ്തനാകുകയും സഞ്ചരിച്ചു പഠിക്കുന്ന (stoics) രീതി സ്വീകരിക്കുകയും ചെയ്ത

അപ്പോല്ലോനിയസ് അതിമാനുഷമായ പല സിദ്ധികളും ആർജ്ജിച്ചിരുന്നു. രോഗശാന്തിക്കുള്ള കഴിവുണ്ടായിരുന്ന ഇദ്ദേഹം ഇന്ത്യ, ഈജിപ്റ്റ്, മദ്ധ്യ ധരണ്യാഴി പ്രദേശങ്ങളിൽ സഞ്ചരിച്ച് അനേകം ശിഷ്യരെ സമ്പാദിക്കുകയും ചെയ്തു. പ്രധാനശിഷ്യനും സന്തതസഹചാരിയും ആയിരുന്ന ദേമാസ് എന്ന ശിഷ്യനുമൊത്ത് അപ്പോല്ലോനിയസ് ഇന്ത്യയിലെ പല സന്യാസി മഠങ്ങളും സന്ദർശിക്കുകയും ഭാരതീയതത്ത്വചിന്തയിൽ അവഗാഹം നേടുകയും ചെയ്തു.

കൊലോസ്യർ 4:14; 2 തിമോഥെയൊസ് 4:10; ഫിലോമോൻ 1:24; 1 കൊരിന്ത്യർ 1:12, 3:4-6, 3:22, 4:6, 16:12; തീത്തുസ് 3:13; അപ്പോസ്തോല പ്രവൃത്തികൾ 18:24, 19:1 എന്നീ ഭാഗങ്ങളിൽ പരാമർശിച്ചിരിക്കുന്ന അപ്പോല്ലോസും ദേമാസും റ്റൈയിനയിലെ അപ്പോല്ലോനിയസും ശിഷ്യൻ ദേമാസും തന്നെയാണെന്ന അഭിപ്രായം നിലവിലുണ്ട്. എന്നാൽ അപ്പോല്ലോനിയസ് ഒരിക്കലും യേശുപ്രസ്ഥാനത്തിന്റെ പ്രചാരകൻ ആയിരുന്നില്ല. മദ്യപാനത്തെ പരസ്യമായിത്തന്നെ അപ്പോല്ലോനിയസ് എതിർത്തിരുന്നു. അതിനാൽ റോമൻ ഭരണാധികാരികളുടെ വീണ്ടുകുടിയെ അംഗീകരിക്കുവാനും ഡയനോസിയസിന്റെ ആരാധകരെ ക്രിസ്തുമതത്തിൽ പിടിച്ചുനിർത്തുവാനുമായി അപ്പോല്ലോനിയസ് എന്ന ചരിത്രപുരുഷന്റെ പേരു മാറ്റി വീണ്ടു വാഴ്ത്തിയ യേശു എന്നു നാമകരണം ചെയ്തു എന്നു കരുതാവുന്നതാണ്.

അപ്പോല്ലോനിയസ് ഉടലോടെ സ്വർഗ്ഗാരോഹണം ചെയ്തു എന്നും അതല്ല വളരെ ഏറെക്കാലം ജീവിച്ചിരുന്നു എന്നും വിശ്വസിക്കപ്പെടുന്നു. യേശു ചരിത്രപുരുഷനായിരുന്നുവെന്നതിന് തെളിവുകൾ ഇല്ലാത്തത് അപ്പോല്ലോനിയസിന്റെ പേരുമാറ്റിയതാണ് സുവിശേഷകരുടെ യേശു എന്ന വാദത്തിന്റെ ആക്കം കൂട്ടുന്നു.